# കോവിഡ് 19-നെ എങ്ങനെ പ്രതിരോധിക്കാം

കോവിഡ് 19 രോഗബാധയെ പ്രതിരോധിക്കുന്നതിന് കേന്ദ്ര - സംസ്ഥാനസർക്കാരുകൾ സ്വീകരിച്ച നിലപാടുകളോട് നായർ സർവീസ് സൊസൈറ്റിയും അതിന്റെ കീഴ്ഘടകങ്ങളായ താലൂക്ക് യൂണിയനുകളും കരയോഗങ്ങളും ആദ്യം മുതൽക്കുതന്നെ പൂർണ്ണമായും സഹകരിച്ചുവരുകയാണ്.

ഈ കാലഘട്ടത്തിൽ നമ്മുടെ കരയോഗങ്ങളിൽപ്പെട്ടതും സാമ്പത്തികമായും അല്ലാതെയും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ പാവപ്പെട്ടവരെ സംബന്ധിച്ച് കരയോഗതലത്തിൽ പ്രത്യേക അന്വേഷണം വേണമെന്നും അതിന്റെ അടിസ്ഥാനത്തിൽ സഹായം (മരുന്നും മറ്റ് നിത്യോപയോഗസാധനങ്ങളും) അനിവാര്യമായിട്ടുള്ളവർക്ക് കരയോഗം മുഖേനയും കരയോഗത്തിൽതന്നെയുള്ള അഭ്യുദയകാംക്ഷികൾമുഖേനയും ഗവണ്മെന്റുനിർദ്ദേശങ്ങൾ ലംഘിക്കാതെതന്നെ, എത്തിക്കാനുള്ള പ്രവർത്തനം നടന്നുകൊണ്ടേയിരിക്കുകയാണ്.

ആയിനത്തിൽ, സർക്കാരിന്റെ ഫണ്ടിലേക്ക് നല്കിയ 25 ലക്ഷം രൂപ കൂടാതെ, നാളിതുവരെ പണമായും മരുന്നായും സാധനസാമഗ്രികളായും നാലു കോടി രൂപയോളം സഹായമായി പാവപ്പെട്ട സമുദായാംഗങ്ങൾക്ക് എത്തിക്കാൻ കഴിഞ്ഞു. ഈ പ്രവർത്തനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്.

ഈ മഹാമാരിയെ പ്രതിരോധിക്കുന്ന കാര്യത്തിൽ കേന്ദ്ര - സംസ്ഥാനസർക്കാരുകളുടെ നിർദ്ദേശങ്ങൾ പാലിച്ച് സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്നതോടൊപ്പം സമുദായാംഗങ്ങളിൽ അവശത അനുഭവിക്കുന്നവർക്ക് കാര്യമായതോതിൽ സഹായം എത്തിക്കുന്നതിനും നമ്മുടെ നിർദ്ദേശങ്ങൾ ഉപകരിച്ചു എന്ന ചാരിതാർത്ഥ്യം എൻ.എസ്.എസ്സിന് ഉണ്ട്.

രോഗവ്യാപനം ക്രമാതീതമായി തുടരുന്ന സാഹചര്യത്തിൽ, അതിനെ പ്രതിരോധിക്കാനുള്ള അറിവും മുൻകരുതലുകളും ആണ് ഇനി വേണ്ടത് എന്നുള്ള കാഴ്ചപ്പാടാണ് ഇപ്പോൾ ജനങ്ങളിൽ പൊതുവെയുള്ളത്.

ഇതിന്റെ ഭാഗമായി, നായർ സർവീസ് സൊസൈറ്റി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന 'നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ, 'കോവിഡിനൊപ്പം ആരോഗ്യകരമായി എങ്ങനെ ജീവിക്കാം' എന്നതിനെ സംബന്ധിച്ചുള്ള ഒരു അവബോധന വീഡിയോപ്രോഗ്രാം പൊതുജനങ്ങളുടെ അറിവിലേക്ക് എസിവി ചാനൽവഴി ഓഗസ്റ്റ് 30, സെപ്റ്റംബർ 1 തീയതികളിൽ പ്രദർശിപ്പിക്കുകയുണ്ടായി.

കോവിഡ് 19-നെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. ഇത് സംബന്ധിച്ച പ്രസക്തമായ ചോദ്യങ്ങൾക്ക് വിശദമായ ഉത്തരങ്ങൾ നല്കിയിരിക്കുന്നത് 'നമ്മുടെ ആരോഗ്യം' പദ്ധതിയുടെ നോഡൽ ഓഫീസറും പൊതുജനാരോഗ്യവിദഗ്ദ്ധനുമായ ഡോ. ബി. പത്മകുമാറാണ്.

ഈ പ്രോഗ്രാമിന് ജനങ്ങളിൽനിന്നും വിചാരിച്ചതിൽ കൂടുതൽ സ്വീകാര്യത ഉണ്ടായി എന്നുള്ളതുകൊണ്ട്, ഓരോ ചോദ്യത്തിനും ഉത്തരം നല്കിക്കൊണ്ടുള്ള പൂർണ്ണരൂപം പ്രസിദ്ധീകരിക്കുന്നത് ഉചിതമായിരിക്കും എന്നതുകൊണ്ടാണ് ഈ ലക്കം സർവീസിൽ അത് ഉൾപ്പെടുത്തിയിരിക്കുന്നത്.

കോവിഡ് 19 പ്രതിരോധത്തെ സംബന്ധിച്ചുള്ള സംശയനിവാരണത്തിന് ഈ ലേഖനം എക്കാലവും ഉപകരിക്കും എന്ന കാര്യത്തിൽ സന്തോഷമുണ്ട്.